Date Page No

# സെന്റ് ജോർജ്ജസ്
# യു. പി. എസ്
# നെടുമൺ



# അക്കാദമിക്
# മാസ്റ്റർ പ്ലാൻ 2025-26

# ഉള്ളടക്കം

1. അടിസ്ഥാന വിവരങ്ങൾ
2. ആമുഖം
3. ലക്ഷ്യങ്ങൾ
4. വിദ്യാലയത്തിന്റെ ലഘു ചരിത്രം
5. വിദ്യാലയം മികവിന്റെ കേന്ദ്രം.
6. പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
8. പദ്ധതി വിശദാംശങ്ങൾ
9. മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, സാമ്പത്തിക വിശകലനം.

RAMSONS

Date Page No

സെന്റ് ജോർജസ് യു.പി. എസ്, നെടുമൺ

ഏഴംകുളം പഞ്ചായത്ത്

പത്തനംതിട്ട ജില്ല

സ്ഥാപിത വർഷം : 1949

വിദ്യാഭ്യാസ ജില്ല -: പത്തനംതിട്ട

ഉപജില്ല - അടൂർ

ബ്ലോക്ക് - പറക്കോട്

ബി. ആർ. സി. - അടൂർ

വാർഡ് നമ്പർ - VI

വിസ്തീർണ്ണം :

ഫോൺ നമ്പർ : 9447911912

ഇ. മെയിൽ : sgupsnedumon@gmail.com

UDISE CODE : 32120100221

RAMSONS

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോക ക്രമത്തിൽ സക്രിയരായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും ആർജിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. സംസ്ഥാനത്ത് നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാഭ്യാസ രംഗത്ത് ഉണർവ് സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതിക രംഗത്തും അക്കാദമിക രംഗത്തും നേട്ടങ്ങൾ കൈവരിച്ചു. സമൂഹത്തിന് പൊതുവിദ്യാലയങ്ങളോട് വിശ്വാസം വർധിച്ചു. വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി.

ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ മികച്ചതും സൗജന്യവുമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

2. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർധിപ്പിക്കുക.

3. അഞ്ചാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്കും അവ സമയബന്ധിതമായി നടപ്പാക്കാനുള്ള പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ

4. അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

വിദ്യാലയത്തിന്റെ ലഘു ചരിത്രം.

പഴയ കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിൽ ഏഴംകുളം ഗ്രാമപഞ്ചായത്തിൽ നെടുമണ്ണിൽ പ്രാഥമിക വിദ്യാഭ്യാസത്തിന് ഒരു പ്രൈമറി സ്കൂൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. പട്ടാഴി, ചെളിക്കുഴി, കുന്നിട, കൈതപ്പറമ്പ്, തേപ്പുപാറ തുടങ്ങിയ ഉൾനാടൻ പ്രദേശങ്ങളിലെ കുട്ടികളുടെ തുടർ വിദ്യാഭ്യാസം യാത്രാസൗകര്യങ്ങളുടെ അഭാവം മൂലം അവസാനിപ്പിക്കേണ്ടിവരുന്ന ഒരു കാലഘട്ടത്തിലാണ് വല്യത്ത് റവ. ഫാ. ഫിലിപ്പോസ് എന്ന ക്രിസ്തീയ പുരോഹിതന് ഒരു മിഡിൽ സ്കൂൾ സ്ഥാപിക്കുക എന്ന ആശയം ഉടലെടുത്തത് നാട്ടുകാരുടെ പിന്തുണയോടെ 1948 ൽ 118 വിദ്യാർത്ഥികളെ 5-ാം ക്ലാസിൽ പ്രവേശിപ്പിച്ചുകൊണ്ട് ആ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടു.

നെടുമൺ കേന്ദ്രീകരിച്ച് പോസ്റ്റോഫീസ് സഹകരണ സ്ഥാപനം, ആശുപത്രി എന്നിവ സ്ഥാപിക്കപ്പെട്ടു. പുതിയ റോഡുകളും ബസ് റൂട്ടുകളും ഉണ്ടാവുകയും പട്ടാഴി മൈലംകരയിൽ നിന്നുവരെ കുട്ടികൾ ഇവിടേക്ക്

Date Page No

വരാൻ തുടങ്ങി. സ്കൂളിലെ കുട്ടികളുടെ
അംഗസംഖ്യ ക്രമാതീതമായി ഉയരുകയും
പുതിയ ഡിവിഷനുകൾ സ്ഥാപിക്കപ്പെടുകയും
ചെയ്തു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ
സേവനമനുഷ്ഠിക്കുന്ന അനേകരും
ശിവഗിരി ഹയർ സെക്കന്ററി സ്വാമി
ഋതംഭരാനന്ദ, അടൂർ ലൈഫ് ലൈൻ
ഡോ. പാപ്പച്ചൻ, ഡോ. കുഞ്ഞുമോൻ
ഡോ. ജയകുമാറും സാം കുട്ടി ജോണി
മോഹൻ വ്യക്തികളും ഈ സരസ്വതി ക്ഷേത്ര
ത്തിന്റെ സൃഷ്ടികളാണ്.

Date Page No

പ്രശ്നങ്ങൾ

1990 വരെ 400 കുട്ടികൾ അധ്യയനം നടത്തിയിരുന്ന ഈ സ്കൂളിൽ സമീപപ്രദേശങ്ങളിൽ അൺ എയ്ഡഡ് സ്കൂളുകൾ ആരംഭിച്ചതോടെ കുട്ടികളുടെ എണ്ണം കുറഞ്ഞുവരികയും ഇന്ന് ഏഴ് ഡിവിഷനുകൾ മാത്രമാവുകയും ചെയ്തു. അഞ്ച് അധ്യാപകരും ഒരു അനധ്യാപകനും ഉൾപ്പെടെ ആറ് ജീവനക്കാർ ഈ വിദ്യാലയത്തിൽ സേവനം ചെയ്യുന്നു.

വിവിധ സമുദായത്തിൽപെട്ടവരും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന രക്ഷകർത്താക്കളുടെ കുട്ടികളുമാണ് ഇവിടെ പഠനം നടത്തുന്നത്. കലാ കായിക സാംസ്കാരിക കഴിവുകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി പല പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. എല്ലാ ആഴ്ചയിലും ഒരു സീനിയർ അധ്യാപകരുടെ നേതൃത്വത്തിൽ കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും കായിക പരിശീലനത്തിനും അവസരം കൊടുക്കുന്നു. എല്ലാ ദിവസവും സ്കൂൾ അസംബ്ലിയിൽ പത്രവാർത്ത തയ്യാറാക്കി അവതരിപ്പിക്കുന്നു.

ദിനാചരണ പ്രവർത്തനങ്ങൾ, വ്യായാമം
വായനാശീലം വളർത്തുന്നതിനു വേണ്ടി
ലൈബ്രറി പുസ്തകങ്ങൾ, ദിനപത്രം
എന്നിവ നൽകുന്നു. പൊതുവിജ്ഞാനം
വർധിപ്പിക്കുന്നതിനു വേണ്ടി ക്വിസ് മത്സരങ്ങൾ
നടത്തുന്നു. കുട്ടികളുടെ കഴിവുകൾ വികസിപ്പി
ക്കുന്നതിനു വേണ്ടി സയൻസ് ക്ലബ്ബ്, സാമൂഹ്യ
ശാസ്ത്ര ക്ലബ്ബ്, ഗണിത ശാസ്ത്ര ക്ലബ്ബ്
ഹെൽത്ത് ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ്, വിദ്യാരംഗം
കലാസാഹിത്യ വേദി, നല്ലപാഠം എന്നിവയും
പ്രവർത്തിക്കുന്നു. എല്ലാ മാസവും എസ്.എം
സി കൂടുകയും സ്കൂളിൽ നടത്തേണ്ട പഠന
പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്ത് തീരു
മാനിക്കുകയും അവ പ്രവർത്തന ക്ഷമമാക്കുക
യും ചെയ്തു വരുന്നു. എല്ലാ ആഴ്ചയിലും
എസ്.ആർ.ജി കൂടുകയും പാഠ്യപാഠ്യേതര
പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹരിക്കുകയും
പുതിയ നിർദ്ദേശങ്ങൾ നടപ്പിലാക്കുകയും ചെയ്തു
വരുന്നു.

വിദ്യാലയം മികവിന്റെ കേന്ദ്രം.

1. 'രോചനരുദ്ധുന്നതെന്തോ അതാണ് വിദ്യാഭ്യാസം' എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനേയും 'വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ്' എന്ന പൗലോ ഫ്രയറുടെ സിദ്ധാന്തത്തെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കി പണിയുക.

2. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

3. മാനവികത, സ്നേഹം, കരുണ, വ്യക്തി ശുചിത്വം, സാമൂഹിക ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുക.

4. സാമൂഹികമായും സാമ്പത്തികമായും പാർശ്വവൽക്കരിക്കപ്പെട്ടവർ, ഭിന്നശേഷിക്കാർ എന്നിവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പിക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

പദ്ധതി രൂപീകരണ പ്രക്രിയ.

എസ്.ആർ.ജി യോഗം, സ്റ്റാഫ് യോഗം പി.ടി.എ യോഗം എന്നിവയിലൂടെ അക്കാദമിക് മാസ്റ്റർ പ്ലാൻ അവതരിപ്പിക്കലും ചർച്ചയും.

2. അക്കാദമിക ആവശ്യങ്ങൾക്ക് ക്ലാസ്/ വിഷയം അടിസ്ഥാനത്തിൽ പദ്ധതി, ലക്ഷ്യം, പ്രവർത്തനം, കാലയളവ്, എസ്റ്റിമേറ്റ് തുക എന്നിവ നിശ്ചയിക്കൽ

3. കരട് രൂപരേഖ, എസ്.ആർ.ജി, എസ്.എം.സി, മദർ പി.ടി.എ എന്നിവയ്ക്ക് മുന്നിൽ അവതരിപ്പിക്കൽ.

4. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

5. സ്റ്റാഫ് കൗൺസിലിന്റെ നേതൃത്വത്തിൽ ക്രോഡീകൃത അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.

വികസനായി ഏറ്റെടുക്കേണ്ട
പ്രവർത്തനങ്ങൾ

. ഭാഷാശേഷി വികാസം
2. ഗണിത ശേഷി വികസനം
3. ശാസ്ത്ര ബോധന പരിപാടി
4 വായനാ പരിപോഷണം.
5. കലാ കായിക മേള
6. ക്ലാസ് പി.ടി.എ സജ്ജമാക്കൽ
7. സ്കൂൾ മാസിക
8. പ്രവൃത്തി പരിചയ പഠനം.
9. ശാസ്ത്രാഭിരുചി വളർത്തൽ
10. ജൈവ വൈവിധ്യ സംരക്ഷണം.
11. ലബോറട്ടറി പ്രവർത്തന സജ്ജമാക്കൽ
12. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ
13. ദിനാചരണം.
14. ചിത്രശലഭ പാർക്ക്
15. ഔഷധ സസ്യങ്ങളുടെ സംരക്ഷണം.

മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം: പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | ഭാഷാകേളി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്. അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോ | ജൂൺ മാസം | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ...കളിലൂടെയും വാക്യങ്ങളുടെയും നിർമ്മാണം. | | | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക. | വാർത്താലോകത്തേക്ക്<br>പത്രം, ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വരുത്തുകയും ചെയ്യുന്നു. | ജ്ഞാ വിവസ വും | മലയാളം അധ്യാപകർ. | |
| | വാർത്താവായന:<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ, ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങളു | വർഷത്തിൽ മൂന്നു പ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| 3) സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുകവഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | സംവാദം/മുഖാമുഖം. സാഹിത്യകാരന്മാർ, ചെറുകഥാകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ് മലയാളം അധ്യാപകർ | പി.ടി.എ |
| 4) മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടിയെടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും | ഇ-കമ്പ്യൂട്ടിംഗ്. മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉപയോഗിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | രണ്ട് വർഷം | മലയാളം ഐ.ടി അധ്യാപകർ | മലയാളം ക്ലബ്ബ്. |

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും ആശയം സംസാരിക്കുവാനും അവസരം നൽകുന്നു. | Lend Your Ear - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ്. |
| | Follow Me If You can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ. | |

| | | |
|---|---|---|
| വിദ്യാർത്ഥികളും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം ഒറ്റ കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | [illegible] അധ്യാപകർ |
| Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിവിധ അറകളൊരുക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് വർണ്ണിക്കുന്നു. വസ്തു ഏതെന്ന് ഒറ്റ കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | [illegible] അധ്യാപകർ. |

| | | | |
|---|---|---|---|
| 4) ഇംഗ്ലീഷ് ഭാഷാ ബോധവും ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp.<br>ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5, 6, 7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്, ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷമായി ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി/ ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ പി.ടി.എ ഭാരവാഹികൾ രക്ഷിതാക്കൾ. |

റോവല യു.പി ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) 5,6,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ ഹിന്ദി അക്ഷരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരമൊരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

| | | | |
|---|---|---|---|
| ... തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശീലനം ചെയ്യും. | ... കേട്ട് പിടിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. ഒറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സിഡി ത്തായി ഹിന്ദിയിൽ വാക്യങ്ങളുള്ളവ കാണിക്കും | ആറ് മുതൽ പത്ത് വരി വരെ | ഹിന്ദി അധ്യാപകൻ. |
| 3) ഹിന്ദി സംസാരം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള വാക് പരിചയപ്പെടുത്തും. | ഹിന്ദി മാത്രം വിനിമയത്തിനും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവരും.<br><br>വായനയ്ക്ക്:<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും. Readezy fight മത്സരവായന ആദ്യം തെറ്റ് ആവർത്തിക്കാതെ പാലിച്ചാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ആറ് മുതൽ അഞ്ച് വരി വരെ | ഹിന്ദി അധ്യാപകൻ. |

Date Page No

രേഖ ഇ.പി. ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ് .. ഉപയോഗിക്കുന്നു) | ജൂൺ മാസം. | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | ഒറിഗാമി ശില്പശാല.<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

RAMSONS

| | | | | |
|---|---|---|---|---|
| | ചിത്രകല പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ | | | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | ഗണിത പാർക്ക്: ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ് പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ. | ഗണിത ഫോറം. ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാ | വർഷത്തിൽ നാലോ ആറോ തവണ | ഗണിത അധ്യാപകർ ക്ലബ്ബ് ലീഡർമാർ. | പി.ടി.എ |

| | | | | |
|---|---|---|---|---|
| | കൈമാറ്റം ചെയ്യുന്നു. | | | |
| 6) ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി ഉപയോഗപ്പെടുത്തുന്നു. | ഐ.ടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം എന്നിവ പോലുള്ള ഉപകരണങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്ക്. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ ഉപകരണങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സാമർത്ഥ്യരായ കുട്ടികളും. | |

റേഖ യു.പി സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | നിരാഗസി– ജൈവവൈവിധ്യ പാർക്ക്.<br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, വൃക്ഷങ്ങൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്. | പി.ടി.എ |
| | കണ്ടറിയാനൊരു മാത്രം:<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് | ജൂലൈ | ശാസ്ത്ര അധ്യാപകർ ഊർജ്ജ ക്ലബ്ബ് സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ. |

| | | | |
|---|---|---|---|
| | നിരീക്ഷണം, പൂപ്പലെ നശിക്കാൻ മാർഗങ്ങൾ.<br><br>പരീക്ഷണ കളരി.<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര തത്ത്വങ്ങൾ അറിയിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ വെളിപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ഹെൽത്ത് ക്ലബ്ബ്<br><br>ശാസ്ത്രാധ്യാപകർ ഊർജ്ജ ക്ലബ്ബ് സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് |
| 2) ശാസ്ത്രപ്രക്രിയ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങളെ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | മാസ്റ്റർ മൈന്റ്:<br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ നേതൃത്വത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് |

RAMSONS

| | | | |
|---|---|---|---|
| [illegible] അവസരം നൽകുന്നു. | | | |
| എക്സ്പ്ലോ - എക്സ്പ്ലോർ<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| ശാസ്ത്ര വിസ്മയ ചുമർ.<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ. | |
| മുഖാമുഖം.<br>ശാസ്ത്ര മേഖലയിലെ പ്രമുഖ വ്യക്തികളുമായി അഭിമുഖം നടത്തുന്നു ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് ഉപന്യാസം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ്. | പി.ടി.എ സയൻസ് ക്ലബ്ബ് |

| | | | |
|---|---|---|---|
| | ...നുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | | |
| | മുറേകാ. കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ |
| 3) ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര. ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ |

ഗവ. യു.പി സാമൂഹ്യശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഉപയോഗിക്കൽ, നേടിയെടുക്കൽ. | അങ്കണത്തട്ട് – കളിയിൽ നിന്ന് കാര്യത്തിലേക്ക്. സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രവൃത്തികൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷം 2020 (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| | ഓർമച്ചെപ്പ് അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT | അക്കാദമിക വർഷം 2020 (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | |
|---|---|---|---|
| 2) പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip. ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ. |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് തെരഞ്ഞെടുപ്പ്. ഗ്രാമസഭ, വാർഡ് സഭ, എന്നിവയിൽ രക്ഷിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യശാസ്ത്ര അധ്യാപകർ. |